# ശബരിമല വാർത്താക്കുറിപ്പ്

## 24.11.2024

### മീഡിയ സെന്റർ, ഐ& പി ആർ ഡി, സന്നിധാനം

## ദർശന നിർവൃതിയിൽ ഗിന്നസ് പക്രു

പതിനെട്ടാം പടി ചവിട്ടി അയ്യപ്പനെ കണ്ട സന്തോഷം പങ്കുവച്ചു ചലച്ചിത്ര താരം ഗിന്നസ് പക്രു. എട്ടാം തവണ സന്നിധാനത്ത് എത്തുന്ന മലയാളത്തിന്റെ പ്രിയനടൻ ഓരോ തവണയും കൂടുതൽ മെച്ചപ്പെടുന്ന ഇവിടത്തെ സൗകര്യങ്ങളെ കുറിച്ച് സംസാരിച്ചു. ശബരിമലയിൽ സുരക്ഷ ഒരുക്കുന്ന പോലീസ് സംവിധാനത്തെ അദ്ദേഹം പ്രത്യേകം പ്രശംസിച്ചു. തിരക്കിനെ കൃത്യമായി നിയന്ത്രിച്ച് ഓരോ ഭക്തനും ദർശനം സാധ്യമാക്കാനാകുന്നുണ്ട്. ശബരിമല മുഴുവൻ പ്ലാസ്റ്റിക് വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പവിത്രം ശബരിമലയുടെ കൃത്യമായ നടത്തിപ്പ് വലിയ വ്യത്യാസമാണ് ശബരിമലയിൽ വരുത്തിയത്. അതോടൊപ്പം ഓരോ ഭക്തനും ഇരുമുടിക്കെട്ടിൽ പ്ലാസ്റ്റിക് ഉൾപ്പെടുത്താതെ ഈ പ്രവർത്തനത്തിൽ പങ്കാളികളാകണമെന്നും അദ്ദേഹം ഓർമിപ്പിച്ചു.

## ശബരിമല പ്രകാശപൂരിതമാക്കി കെ എസ് ഇ ബി

മണ്ഡലകാലം മുഴുവൻ ശബരിമലയാകെ വെളിച്ചം നിറയ്ക്കാൻ വേണ്ട എല്ലാ മുൻകരുതലുകളും വൃശ്ചികം ഒന്നിന് മുൻപ് തന്നെ പൂർത്തിയായതായി കെ എസ് ഇ ബി . ഒരു തരത്തിലും തടസ്സം നേരിടാത്ത രീതിയിലാണ് ക്രമീകരണങ്ങൾ. സന്നിധാനം ,പമ്പ ,നിലയ്ക്കൽ എന്നിവിടങ്ങളിൽ 24 മണിക്കൂറും ഡ്യൂട്ടിക്ക് ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്. പൂർണമായും എൽ ഇ ഡി ലൈറ്റുകളാണ് ഇത്തവണ ഉപയോഗിച്ചിട്ടുള്ളത്. ഇവ കൂടുതൽ വെളിച്ചം പകരുന്നതോടൊപ്പം തകരാറുകൾ കുറവുമാണ്. മുഴുവനായും ഇൻസുലേഷൻ ഉള്ള വയറിങ് ആണ് നിലയ്ക്കൽ മുതൽ സന്നിധാനം വരെ എല്ലായിടത്തും ഉപയോഗിച്ചിട്ടുള്ളത്.

ഇത് വന്യമൃഗങ്ങൾ ഉൾപ്പടെ വൈദ്യുതി അപകടങ്ങളിൽ പെടുന്നത് പൂർണമായും ഒഴിവാക്കുന്നു . 30 ഉദ്യോഗസ്ഥരെ ആണ് 24 മണിക്കൂർ ഡ്യൂട്ടിക്കായി കെ എസ് ഇ ബി നിയോഗിച്ചിട്ടുള്ളത്. മൂഴിയാർ നിന്നും കൊച്ചുപമ്പ വഴി ത്രിവേണിയിൽ എത്തുന്ന 66 കെ വി മെയിൻ ലൈനിൽ നിന്നാണ് പ്രധാന വൈദ്യുതി വിതരണം. ഇത് കൂടാതെ മുണ്ടക്കയം വണ്ടിപ്പെരിയാർ വഴി കൊച്ചുപമ്പയിൽ എത്തിച്ചിട്ടുള്ള സ്റ്റാൻഡ് ബൈ സപ്ലൈയും ഉണ്ട്. ഏതെങ്കിലും തരത്തിൽ വൈദ്യുതി തടസം പ്രധാന ലൈനിൽ നേരിട്ടാൽ വളരെ വേഗം തന്നെ ലൈൻ മാറ്റി  ഇടതടവില്ലാതെ വൈദ്യുതി ലഭ്യമാക്കാനാകും. പമ്പയിലും സന്നിധാനത്തുമായി 38 ട്രാൻസ്ഫോർമറുകളും നിലയ്ക്കലിൽ 22 ട്രാൻസ്ഫോർമറുകളുമാണ് ക്രമീകരിച്ചിട്ടുള്ളത്. ഇതിനുപുറമെ പമ്പയിൽ ഭക്തർക്കായി ഇ വി ചാർജിങ് സ്റ്റേഷനും കെ എസ് ഇ ബി ക്രമീകരിച്ചിട്ടുണ്ട്.

## അവലോകന യോഗം ചേർന്നു

സന്നിധാനത്തെ വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനം വിലയിരുത്താൻ സന്നിധാനം എഡിഎം അരുൺ എസ് നായരുടെ അധ്യക്ഷതയിൽ ദേവസ്വം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ അവലോകന യോഗം ചേർന്നു. സുരക്ഷിതവും സുഗമവുമായി തീർഥാടനം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ യോഗം ചർച്ച ചെയ്തു. സജ്ജീകരണങ്ങളെല്ലാം തൃപ്തികരമാണെന്ന് യോഗം വിലയിരുത്തി. ശബരിമല പോലീസ് സ്പെഷ്യൽ ഓഫീസർ കെ ഇ ബൈജു, ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ മുരാരി ബാബു, റാപ്പിഡ് ആക്ഷൻ ഫോഴ്സ്, എക്സൈസ്, ഫയർഫോഴ്സ്, കെ.എസ്.ഇ.ബി., ഭക്ഷ്യ സുരക്ഷ തുടങ്ങി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു

## ശബരിമലയ്ക്ക് കാവലായി  സന്നിധാനം പോലീസ് സ്റ്റേഷൻ

ശബരിമലയുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പോലീസിന്റെ സ്ഥിരം സംവിധാനമാണ് സന്നിധാനം പോലീസ് സ്റ്റേഷൻ. വർഷത്തിൽ മുഴുവൻ സമയവും ഇവിടെ പോലീസ് ഉദ്യോഗസ്ഥരുണ്ടാകും. പമ്പയിലെ പോലീസ് സ്റ്റേഷനു കീഴിലാകും സാധാരണ സമയങ്ങളിൽ പ്രവർത്തനം. മണ്ഡല മകര വിളക്ക് കാലത്തു മാത്രം കേസെടുക്കുന്ന തിനുള്ള പ്രത്യേകാധികാരത്തോടു കൂടിയാകും ഈ സ്റ്റേഷൻ പ്രവർത്തിക്കുന്നത്.  ഒരു സ്റ്റേഷൻ ഹൗസ് ഓഫീസറുടെ കീഴിൽ 20 പോലീസുദ്യോഗസ്ഥരാണ് ഇവിടെ തീർഥാടന കാലത്ത് ഉണ്ടാവുക.  ഈ തീർഥാടന കാലത്ത് രണ്ട് സുമോട്ടോ കേസുകളാണ് ഇതു വരെ ഇവിടെ രജിസ്റ്റർ ചെയ്തതെന്ന് സ്റ്റേഷൻ ഹൗസ് ഓഫീസർ അനൂപ് ചന്ദ്രൻ പറഞ്ഞു. സന്നിധാനത്ത് ഒറ്റപ്പെട്ടു പോകുകയോ കാണാതാകുകയോ ചെയ്യുന്നവരെ കണ്ടെത്തൽ, നഷ്ടപ്പെട്ടു പോകുന്ന വില പിടിപ്പുള്ള വസ്തുക്കൾ സി സി ടി വി യുടെ സഹായത്തോടെ കണ്ടെത്താൻ സഹായിക്കൽ തുടങ്ങി ധാരാളം സഹായങ്ങൾ തീർഥാടകർക്കായി ഇവർ ചെയ്യുന്നുണ്ട്. സന്നിധാനത്ത് കാണാതാകുന്നവരെ രണ്ടോ മൂന്നോ മണിക്കൂറിനുള്ളിൽ തന്നെ കണ്ടെത്താൻ സാധിക്കാറുണ്ട്. ഭിക്ഷാടനത്തിനായി സന്നിധാനത്തെത്തിയ ഏതാനും പേരെ പമ്പയിലെത്തിച്ച് സാമൂഹിക നീതി വകുപ്പിന്റെ സഹായത്തോടെ സുരക്ഷിതമായ ഷെൽട്ടറുകളിലേക്ക് മാറ്റിയിരുന്നു. മൊബൈൽ ഫോണുകളും പേഴ്സുകളുമുൾപ്പെടെ നഷ്ടപ്പെട്ടു പോയ 50 ഓളം വസ്തുക്കൾ കണ്ടെത്തി നൽകാനും സാധിച്ചിട്ടുണ്ട്. തീർഥാടകർ വിശ്രമിക്കുമ്പോഴും മറ്റും  സ്വകാര്യ വസ്തുക്കൾ സൂക്ഷിക്കുന്നതിൽ ശ്രദ്ധ പുലർത്തണമെന്ന് സ്റ്റേഷൻ ഹൗസ് ഓഫീസർ പറഞ്ഞു.

**സന്നിധാനത്തെ പോലീസ് കൺട്രോൾ റൂം നമ്പർ: 04735 202016സന്നിധാനം പോലീസ് സ്റ്റേഷൻ: 04735 202014**